അനുമതി നൽകിയ എത്ര പദ്ധതികളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദാംശം ലഭ്യമാക്കുമോ;

(ബി) പേരാമ്പ്ര മണ്ഡലത്തിൽ ധനകാര്യ അനുമതിക്കായി സമർപ്പിക്കപ്പെട്ട മറ്റ് ഏതൊക്കെ പ്രവൃത്തികളുണ്ട് എന്ന് വിശദമാക്കുമോ?

(എ&ബി) പേരാമ്പ്ര മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയതും ഇപ്പോൾ പരിഗണനയിലുള്ളതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കിഫ്ബി റോഡ് നിർമ്മാണം

78(347) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ അനുവദിച്ചിട്ടുള്ള കുന്നത്തുനാട് മണ്ഡലത്തിലെ നെല്ലാട്-മനയ്ക്കടവ് റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം കോൺട്രാക്ടർ എഗ്രിമെന്റ് വച്ച് ആരംഭിച്ചശേഷം കിഫ്ബി മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചതുമൂലം റോഡ് നിർമ്മാണം തടസ്സപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) മനക്കക്കടവ് - പള്ളിക്കര (സ്പെച്ച്1), (പട്ടിമറ്റം- പത്താംമൈൽ (സ്പെച്ച് 3) എന്നിവിടങ്ങളിൽ 95% ജോലികൾ പൂർത്തിയായി. ഇന്റർലോക്ക് ടൈൽ ജോലിയും റോഡ് ഫർണിച്ചർ ജോലികളും ഈ ഭാഗത്ത് 10% ശേഷിക്കുന്നു. കിഴക്കമ്പലം മുതൽ നെല്ലാട് വരെ (സ്പെച്ച് 3) യൂട്ടിലിറ്റി മാറ്റുന്ന ജോലികൾ പുരോഗമിക്കുകയാണ്. 3 ആഴ്ചയ്ക്കുള്ളിൽ ഇത് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതായി ഭരണവകുപ്പ് നിയമിച്ച എസ്.പി.വി. അറിയിച്ചിട്ടുണ്ട്. ജോലി നിർവ്വഹിക്കുന്നതിലെ കാലതാമസം കിഫ്ബിയുടെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അത് പരിഹരിക്കുന്നതിനായി കിഫ്ബി മീറ്റിംഗ് നടത്തി. കരാറുകാരൻ കരാർ നടപ്പിലാക്കിയ ശേഷം, സൈറ്റിൽ പിന്തുടരേണ്ട അധിക മാനദണ്ഡങ്ങളൊന്നും കിഫ്ബി പുതുക്കി നിശ്ചയിച്ചിട്ടില്ല. പകരം, ഏതെങ്കിലും സാങ്കേതിക മേഖലയിൽ കരാറുകാരന് നൈപുണ്യം ഇല്ലെങ്കിൽ, കിഫ്ബിയുടെ കീഴിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ വഴി കരാറുകാരന് സാങ്കേതിക സഹായം കിഫ്ബി നൽകിയിരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി റോഡ് നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഈ പ്രോജക്ടുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കിഫ്ബി എല്ലായ്പ്പോഴും എസ്.പി.വി.-യെ സഹായിച്ചിരുന്നു. കിഫ്ബി സി.ഇ.ഒ.-യുടെ അദ്ധ്യക്ഷതയിൽ 23-2-2021-നാണ് അവസാന യോഗം ചേർന്നത്. കിഫ്ബിയുടെ ചീഫ് പ്രൊജക്ട് എക്സാമിനർ രണ്ട് തവണ സൈറ്റ് പരിശോധിക്കുകയും എസ്.പി.വി.-ക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കേരള വാട്ടർ അതോറിറ്റി യൂട്ടിലിറ്റി മാറ്റുന്നതുമായി ബന്ധപ്പെട്ടാണ് എസ്.പി.വി.-യുടെ ഭാഗത്തുനിന്ന് ജോലി പൂർത്തിയാക്കുന്നതിനുള്ള കാലതാമസം. ഇപ്പോൾ കേരള വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ജോലികൾ പുരോഗമിക്കുകയാണ്. ഇത് 3 ആഴ്ചയ്ക്കുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കരാറുകാരന് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ മൂന്നാം സ്റ്റേച്ച് കിഴക്കമ്പലം - നെല്ലാട് റീടെണ്ടർ ചെയ്യാൻ എസ്.പി.വി. തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡ് പദ്ധതികൾ

79(348) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എത്ര റോഡുകൾക്ക് ഇതുവരെ അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത റോഡുകളുടെ പേരുവിവരം അറിയിക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ചുവടെ പറയുന്ന മൂന്ന് റോഡ് പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. (1) ഉളിക്കൽ - തേർമ്മല - കാഞ്ഞിലേരി കണിയാർവയൽ റോഡ് കി.മീ. 0/000 മുതൽ 18/000 വരെ. (ടി പദ്ധതി ഇരിക്കൂർ, മട്ടന്നൂർ എന്നീ നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെടുന്നു). (2) മലപ്പട്ടം പറമ്പ-കണിയാർ വയൽ-അഡുവാപ്പുറം-പാവന്നൂർ മൊട്ട റോഡ് കി.മീ. 0/000 മുതൽ 12/950 വരെ (ടി പദ്ധതി തളിപ്പറമ്പ, ഇരിക്കൂർ, മട്ടന്നൂർ എന്നീ നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെടുന്നു). (3) ശ്രീകണ്ഠാപുരം-ചെമ്പൻതൊട്ടി-നടുവിൽ റോഡ് 0/000 മുതൽ 9/760 വരെ.

(ബി) കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന ശ്രീകണ്ഠാപുരം - ചെമ്പൻതൊട്ടി-നടുവിൽ റോഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?